**D 54945** **(Pages : 3)** **Name......................................**

**Reg. No...................................**

## FIRST SEMESTER INTEGRATED P.G. DEGREE REGULAR/ SUPPLEMENTARY/IMPROVEMENT EXAMINATION, NOVEMBER 2023 (2021 ADMISSION ONWARDS) AND SUPPLEMENTARY/IMPROVEMENT EXAMINATION, NOVEMBER 2022 (2020 ADMISSION ONLY)

Common Course (Malayalam)

MAL 11A07(3)—MALAYALA BHASHAYUM SAHITHYAVUM – I

Time : Two Hours and a Half                                    Maximum : 80 Marks

### Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.

2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ.

പരമാവധി മാർക്ക് 25.

1. ''ഇമ്മട്ടിലുള്ള ദുരിതത്തിനെ വേണ്ടയെന്നും
   കുന്നിച്ച ഭാരമീതു താങ്ങുക വയ്യയെന്നും''
   —സൂചിതം എന്ത് ?
2. ''അരിയില്ല തിരിയില്ല ദുരിതമാണെന്നാലും
   നരി തിന്നാൽ നന്നോ മനുഷ്യൻമാരെ !''
   —ആശയം വ്യക്തമാക്കുക.
3. ''എന്നാലുമെങ്ങനെയെനിക്കിവൾ ജീവനായി
   കണ്ണായി കണ്ണിനമൃതായി വെളിച്ചമായി''
   —ആരാണ് ഇപ്രകാരം പറയുന്നത് ? കാരണമെന്ത് ?
4. ''ഏതായാലും ഇമ്മാതിരി കഴുതകൾ മരിക്കുന്നതാണ് നല്ലത് ''—ആര് ആരെക്കുറിച്ചാണ് ഇപ്രകാരം പറയുന്നത് ?
5. ''സരളയെ രണ്ടാമതൊന്നു സ്വയം വിലയിരുത്താൻ,'' കുപ്പമ്മ പ്രേരകമായതെങ്ങനെ ?
6. ''അച്ഛനു് അരിശമാണ്. മിണ്ടിയാൽ അരിശം കണ്ടാൽ അരിശം''—കാരണമെന്ത് ?
7. ''കണ്ടിത്തെയ്യം'' എന്താണെന്ന് വ്യക്തമാക്കുക.
8. കലയുടെ സൂക്ഷ്മമായ സ്രോതസ്സ് എന്താണ് ?
9. ''നദികൾ ഞങ്ങളുടെ സഹോദരങ്ങളാണ് ''—ഇപ്രകാരം പറഞ്ഞത് ആര് ? കാരണമെന്ത് ?

**Turn over**

486712



10. പൊക്കുടൻ, കണ്ടൽച്ചെടികൾ നട്ടു പിടിപ്പിക്കാൻ തുടങ്ങിയതിനുള്ള കാരണമെന്ത് ?
11. താൻ ജനിച്ച സ്വന്തം നാട്ടിൽ കാപ്പിരിയ്ക്ക് സ്ഥാനമില്ലാതായതെങ്ങനെ ?
12. ''വായു ചുവന്ന മനുഷ്യന് അമൂല്യമാണ് ''–കാരണമെന്ത് ?
13. ''ചുമരുണ്ടെങ്കിലേ ചിത്രമെഴുതാൻ കഴിയൂ ''–വിവക്ഷിതം എന്ത് ?
14. ''ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ ആ ജലം പാവനമാണെന്ന് നിങ്ങൾക്ക് ഓർമ്മയുണ്ടാവണം'' –എന്തുകൊണ്ട് ?
15. ''ഒരു ക്രിസ്ത്യാനിയെ വിവാഹം ചെയ്യാൻ ഒരു ഹിന്ദുവിന് സ്വാതന്ത്ര്യമുണ്ടോ എന്നെനിക്കറിയില്ല '' –ഇപ്രകാരം പറയാനുള്ള കാരണമെന്ത് ?

(25 marks)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ.

പരമാവധി മാർക്ക് 35.

16. ''രാവും നിലാവുമഴകും പുലരിത്തുടുപ്പും

    പൂവും ചമച്ചകര, മെന്തിനു തീർത്തു നമ്മെ''

    –ഇങ്ങനെ പറയാനുള്ള കാരണമെന്ത് ?
17. 'ഒത്തുതീർപ്പുകൾ' എന്ന കഥാശീർഷകം എത്രത്തോളം അനുയോജ്യമാണ്. വിശദമാക്കുക.
18. കാർഷിക സമൃദ്ധിയുടെ പോയകാല പ്രൗഢി അച്ഛന്റെ വാക്കുകളിലൂടെ 'വേണ്ടാംകടി' യിൽ അനാവൃതമാകുന്നതെങ്ങനെ ?
19. ലോലയെ വിവാഹം ചെയ്യാൻ കഴിയാത്തതിന്റെ കാരണമായി നായകൻ പറയുന്ന വസ്തുതകൾ ഏവ ?
20. രൂപം, ആകൃതി എന്നിവയെക്കുറിച്ച് നിത്യചൈതന്യയതി നിരീക്ഷിക്കുന്നത് എങ്ങനെ ?
21. ''വെളുത്ത മനുഷ്യന് ഞങ്ങളുടെ രീതികൾ മനസ്സിലാകുന്നില്ല എന്ന്ഞങ്ങൾക്കറിയാം''–കാരണമെന്ത് ?
22. കണ്ടിത്തെയ്യത്തിനു പിന്നിലെ ഐതിഹ്യമെന്ത് ?
23. പണക്കൊതിയൻമാരായ 'ബനിയ' കളെക്കുറിച്ച് വിവരിക്കുക.

(35 marks)

486712

486712



## Section C

24. ''ആദർശങ്ങൾ പൂർണ്ണമായും പ്രായോഗികതലത്തിലെത്തിക്കുക എന്നത് കേവലം സ്വപ്നം മാത്രമാണ് '' –'ബുദ്ധനും ഞാനും നരിയും' എന്ന കവിതയെ അടിസ്ഥാനമാക്കി വിലയിരുത്തുക.

25. അപൂർവ്വമായൊരു പ്രണയകഥയാണ് പദ്മരാജന്റെ 'ലോല' –ശരിയോ ?

26. അകൃത്രിമമായ പ്രകൃതിസ്നേഹത്തിലധിഷ്ഠിതമായ പ്രതിരോധമൂല്യം ഉൾക്കൊള്ളുന്നതാണ് 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' –പരിശോധിക്കുക.

27. കലയുടെ അടിസ്ഥാന തത്ത്വങ്ങൾ എന്താണെന്നാണ് നിത്യചൈതന്യയതി വിശദമാക്കുന്നത് ?

(2 × 10 = 20 marks)

486712